# ഉടച്ചുവാർത്ത്
# തൊഴിലുറപ്പ്

നിലവിലെ പേര്:
**Mahatma Gandhi National Rural Employment Guarantee Act (MGNREGA)**

പുതിയ പേര്:
**Viksit Bharat–Guarantee for Rozgar and Ajeevika Mission (Gramin) - VB–G RAM G**



# MGNREGA

വേതനം 100 ശതമാനവും
സാമഗ്രികൾക്കുള്ള ചെലവിൻ്റെ
75 ശതമാനവും കേന്ദ്രസർക്കാറാണ്
നൽകുന്നത്. സംസ്ഥാനം
സാമഗ്രികൾക്കുള്ള ചെലവിൻ്റെ
25 % മാത്രം വഹിച്ചാൽ മതി

# VB–G RAM G

വേതനം 40 ശതമാനവും
സാമഗ്രികൾക്കുള്ള ചെലവിൻ്റെ
40 ശതമാനവും സംസ്ഥാനം വഹിക്കണം.

(കേരളത്തിന് 1600 കോടിയുടെ അധിക
ബാധ്യതയുണ്ടാക്കും)



# MGNREGA
## 100 തൊഴിൽ ദിനങ്ങൾ

# VB–G RAM G
## 125 തൊഴിൽ ദിനങ്ങൾ

(കേന്ദ്രം വിജ്ഞാപനം ചെയ്യുന്ന ഗ്രാമീണ മേഖലകളിൽ മാത്രമേ ഈ ആനുകൂല്യം ലഭിക്കൂ. ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ദാരിദ്ര്യം കുറഞ്ഞ, ജീവിത നിലവാരം കൂടിയ കേരളത്തിൽ വളരെ കുറഞ്ഞ ഗ്രാമങ്ങൾ മാത്രമേ ഈ ലിസ്റ്റിൽ വരാൻ സാധ്യതയുള്ളൂ)



# MGNREGA

**ആവശ്യപ്പെട്ടാൽ 15 ദിവസത്തിനകം തൊഴിൽ ലഭിക്കാൻ നിയമപരമായ അർഹത. ഇല്ലെങ്കിൽ തൊഴിലില്ലായ്മ വേതനം.**

# VB–G RAM G

**കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്യുന്ന പ്രദേശങ്ങളിൽ മാത്രം തൊഴിൽ.**

(തൊഴിലാളികളുടെ അവകാശത്തേക്കാൾ സർക്കാറിന്റെ വിവേചനാധികാരത്തിന് മുൻഗണന)



# MGNREGA

ലേബർ ബജറ്റിൽ ലക്ഷ്യം വെച്ച തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കണം. ഡിമാന്റിനനുസരിച്ച് റിവിഷൻ നടത്തും.

# VB–G RAM G

അനുവദിക്കപ്പെട്ട തൊഴിൽ ദിനങ്ങൾക്ക് മാത്രമേ കേന്ദ്രം പണം നൽകൂ. അധിക ദിനങ്ങൾക്ക് സംസ്ഥാനം പണം നൽകണം.

(കേരളം എല്ലാ വർഷവും കോടിക്കണക്കിന് തൊഴിൽ ദിനങ്ങൾ അധികം സൃഷ്ടിക്കുന്ന സംസ്ഥാനമാണ്. ബാധ്യത ഭയന്നാൽ അത്രയും തൊഴിൽ കുറയും)



# MGNREGA

ആസൂത്രണാധികാരം
ഗ്രാമപഞ്ചായത്തുകൾക്ക്.
ഗ്രാമസഭകൾക്ക് നിർണായക പങ്ക്.

# VB–G RAM G

മുൻഗണനകളും രൂപരേഖകളും
ഉദ്യോഗസ്ഥർ നിർണ്ണയിക്കും.

(ഈ കേന്ദ്രീകൃത ചട്ടക്കൂട് പങ്കാളിത്ത
ആസൂത്രണ പ്രക്രിയയെ അട്ടിമറിക്കും.
ഫലത്തിൽ, പ്രാദേശിക ജനാധിപത്യം
ഉദ്യോഗസ്ഥ മേധാവിത്വത്തിന് കീഴിലാവും)



# MGNREGA

ആവശ്യമുയർന്നാൽ
എപ്പോഴും തൊഴിൽ

# VB–G RAM G

കാർഷിക സീസണുകളിൽ 60
ദിവസം വരെ തൊഴിലുറപ്പ് പണി
നിർത്തിവെക്കണം.

(സ്ഥിരമായ വരുമാനം പ്രതീക്ഷിക്കുന്ന
ഗ്രാമീണ കുടുംബങ്ങൾക്ക് തിരിച്ചടി)



ബജറ്റ് പരിമിതികൾ
നേരിടുന്നതോടെ, തൊഴിലിനായുള്ള
രജിസ്ട്രേഷൻ പരിമിതപ്പെടുത്താൻ
സംസ്ഥാനങ്ങൾ നിർബന്ധിതരാവും.
അതോടെ സാമ്പത്തിക
നിയന്ത്രണങ്ങളിലൂടെ തൊഴിലവകാശം
ഇല്ലാതാക്കപ്പെടും. തൊഴിൽ ലഭ്യത
എന്നത് നിയമപരമായ
അവകാശമെന്നതിൽ നിന്നുമാറി
സംസ്ഥാനങ്ങളുടെ സാമ്പത്തിക
ശേഷിയെ ആശ്രയിക്കുന്ന
ഒന്നായി മാറും.

